STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.228/PR/SPMC/PHQ/2022 Date: 31.10.2022

## ലഹരിവിരുദ്ധ ബോധവത്ക്കരണവുമായി ജനമൈത്രി പോലീസിന്റെ മൾട്ടി മീഡിയ മെഗാ ഷോ ചൊവ്വാഴ്ച തിരുവനന്തപുരത്ത്

ലഹരിക്കെതിരെ ജനമൈത്രി പോലീസ് സംഘടിപ്പിക്കുന്ന മൾട്ടി മീഡിയ മെഗാ ഷോ ചൊവ്വാഴ്ച തിരുവനന്തപുരം ഗാന്ധിപാർക്കിൽ അരങ്ങേറും. ഗാന്ധിപാർക്കിലെ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ വൈകിട്ട് 6.30 നാണ് പരിപാടി.

ഗാനങ്ങളും ചെറുനാടകങ്ങളും നാടൻപാട്ടുകളും കോർത്തിണക്കിയാണ് ഒരു മണിക്കൂർ ദൈർഘ്യമുള്ള ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടി ചിട്ടപ്പെടുത്തിയിരിക്കുന്നത്. പോലീസിന്റെ ലഹരിവിരുദ്ധ ക്യാമ്പയിനായ യോദ്ധാവിന്റെ ഭാഗമായാണ് പരിപാടി.

ജനമൈത്രി സ്റ്റേറ്റ് നോഡൽ ഓഫീസർ കൂടിയായ ഡി.ഐ.ജി ആർ.നിശാന്തിനിയുടെ നേതൃത്വത്തിൽ ബഷീർ മണക്കാട് എഴുതി പ്രമോദ് പയ്യന്നൂർ സംവിധാനം ചെയ്ത മെഗാ ഷോയിൽ പോലീസ് കലാകാരൻമാർ അരങ്ങിലെത്തും. കുട്ടികൾക്കിടയിൽ മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് യോദ്ധാവ്.

************************************